**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസന വകുപ്പിലെ എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ. കെ. പി. ലോറൻസിന്റെ ആലപ്പുഴ ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ-(SWM) തസ്തികയിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2442/2018/തസ്വഭവ. തിരുവനന്തപുരം, തീയതി:17/09/2018**

---

പരാമർശം:-1) 04.07.2015 തീയതിയിലെ സ.ഉ(സാധാ)നം.2024/2015/തസ്വഭവ ഉത്തരവ്.

2) 03.09.2016 തീയതിയിലെ സ.ഉ(സാധാ)നം.2586/2016/തസ്വഭവ ഉത്തരവ്.

3) 14.08.2017 തീയതിയിലെ സ.ഉ(സാധാ)നം.2792/2017/തസ്വഭവ ഉത്തരവ്.

4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.07.2018 തീയതിയിലെ 1827/ബി/2016/എസ്എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അമ്പലപ്പുഴ ബ്ലോക്കിലെ ജനറൽ എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ. കെ.പി.ലോറൻസിനെ ആലപ്പുഴ ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് ജില്ലാ കോ ഓർഡിനേറ്ററായി അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുകയും പരാമർശം (2) ലേയും (3) ലേയും ഉത്തരവുകൾ പ്രകാരം ടിയാന്റെ അന്യത്ര സേവന കാലാവധി 15/07/2018 വരെ ദീർഘിപ്പിച്ചു നല്കുകയും ചെയ്തു.

(2) ടിയാന്റെ അന്യത്ര സേവന കാലാവധി 15/07/2018 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 16/07/2018 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നല്കണമെന്ന് പരാമർശം (4) ലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. കെ.പി. ലോറൻസിന്റെ, ആലപ്പുഴ ജില്ലാ ശുചിത്വമിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (SWM) തസ്തികയിലെ അന്യത്ര സേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി 16.07.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ. ശുചിത്വ മിഷൻ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Mini

**സെക്ഷൻ ഓഫീസർ**